<u>**15 -ാം കേരള നിയമസഭ**</u>

<u>**14 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2003**</u> <u>**29-09-2025 - ൽ മറുപടിയ്ക്ക്**</u>

<u>**ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എൻജിനീയറിംഗ് വകുപ്പ് മുഖാന്തിരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു. ഭരണാനുമതി ഉത്തരവുകളുടെ പകർപ്പ് അനുബന്ധം-II, III ആയി ചേർക്കുന്നു. |
| (ബി) | ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എൻജിനീയറിംഗ് വകുപ്പ് മുഖാന്തിരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു. ഭരണാനുമതി ഉത്തരവുകളുടെ പകർപ്പ് അനുബന്ധം-II, III ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I

**ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ**

**തീരദേശ റോഡുകൾ**

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി നമ്പരും തുകയും | നിലവിലുള്ള പുരോഗതി |
|---|---|---|---|
| 1 | കോട്ടയം ജില്ലയിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം – കുറിച്ചി ഗ്രാമപഞ്ചായത്തിലെ ചാലച്ചിറ – കല്ലുകടവ് – കോയിപ്പുറം ജംഗ്ഷൻ റോഡ് | ജി.ഒ.(ആർറ്റി) നമ്പർ 738/2021/എഫ്&പിഡി തീയതി 10-12-2021 70.00 ലക്ഷം | 17-09-2022 ന് പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | കോട്ടയം ജില്ലയിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം – വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് വാർഡ് നമ്പർ 1 ലെ തുമ്പ്രം പ്ലാംപറമ്പ് റോഡ് | ജി.ഒ.(ആർറ്റി) നമ്പർ 376/2025/എഫ്&പി തീയതി 31.05.2025 127.70 ലക്ഷം | ടെണ്ടർ ഓപ്പൺ ചെയതു, പരിശോധിച്ചുവരുന്നു. . |

# അനുബന്ധം – II

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - കോട്ടയം ജില്ലയിലെ തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.738/2021/മ.തു.വ തീയതി,തിരുവനന്തപുരം, 10/12/2021

പരാമർശം:- ഹാർബർ വകുപ്പ് ചീഫ് എൻജിനീയറുടെ 20/09/2021-ലെ എച്ച്.ഇ.സി.ഇ/445/2021/ഡിആർ4 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനായി പരാമർശ പ്രകാരം ഹാർബർ വകുപ്പ് ചീഫ് എൻജിനീയർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിലെ ചാലച്ചിറ കല്ലുക്കടവ് - കോയിപ്പുറം ജംഗ്ഷൻ റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക്, പ്രവൃത്തി തുക 70.00 ലക്ഷം രൂപ (എഴുപത് ലക്ഷം രൂപ മാത്രം) ആയി നിജപ്പെടുത്തി കൊണ്ട് ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിനാവശ്യമായ തുക 2021-22 സാമ്പത്തിക വർഷത്തെ "4405-00- 103- 94 Upgradation of Coastal Roads" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം

ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം – III

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ തീരദേശറോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.376/2025/F&P    തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 01/01/2025-ലെ എച്ച്.ഇ.സി.ഇ/2/2024/ഡി 3 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ തീരദേശറോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശിപാർശ പരിഗണിച്ച് കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ വാർഡ് 1-ൽ തുപ്രം പ്ലാപ്പറമ്പ് റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് 2025-26 സാമ്പത്തിക വർഷത്തെ "4405-00-103-94-തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും 127.70 ലക്ഷം രൂപയുടെ (ഒരു കോടി ഇരുപത്തിയേഴ് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEKALA T P

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ